**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1136** **31-01-2024 - ൽ മറുപടിയ്ക്ക്**

**ആലുവ പൈപ്പ് ലൈൻ റോഡ് തുടങ്ങുന്ന ഭാഗത്തു നിന്ന് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പ്രവേശനാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. റോഷി അഗസ്റ്റിൻ**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ആലുവ പൈപ്പ് ലൈൻ റോഡ് തുടങ്ങുന്ന ഭാഗത്തു നിന്ന് കെ.എസ്.ആർ.ടി.സി ബസ്സ് സ്റ്റാന്റിലേയ്ക്ക് ബസ്സുകൾക്ക് പ്രവേശിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് 03.07.2023-ന് നൽകിയ അപേക്ഷയിന്മേൽ (ഇ-7420455/2023/ എം.ഐ.എൻ(ഡബ്ല്യു.ആർ.ഡി.) ) കേരള വാട്ടർ അതോറിറ്റി എം.ഡി. (ഫയൽ നം. ഡി.സി.4/104749/2023) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത വിഷയത്തിൽ നാളിതുവരെ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി ബസുകൾ ആലുവ സെന്റ് മേരിസ് സ്കൂൾ സ്ഥിതി ചെയ്യുന്ന സബ് ജയിൽ റോഡിൽ നിന്നും പൈപ്പ് ലൈൻ റോഡ് വഴി കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനിലേക്ക് പ്രവേശനാനുമതി നൽകുന്നതിനു വേണ്ടി തീയതി 03/07/2023തീയതിയിൽ ബഹു. ആലുവ എം.എൽ.എ ശ്രീ. അൻവർ സാദത്ത് അവർകളുടെ E7420455/2023/MIN(WRD) നമ്പർ പ്രകാരം കത്ത് ലഭിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ആലുവ പി.എച്ച് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കൊച്ചി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br><br>ആലുവ ജലശുദ്ധീകരണ ശാലയിൽ നിന്നും കൊച്ചി കോർപ്പറേഷനിലേക്കും, പരിസര പ്രദേശങ്ങളിലേക്കും വെള്ളമെത്തിക്കുന്ന 900 എം.എം, 1050 എം.എം എന്നീ വ്യാസങ്ങളിലുള്ള വലിയ കാസ്റ്റ് അയൺ പൈപ്പുകളാണ് കടന്നു പോകുന്നത്. ഇവ 1965, 1975 എന്നീ വർഷങ്ങളിൽ സ്ഥാപിച്ചവയും, ഡിസൈൻ കാലയളവ് ഇതിനകം അവസാനിച്ചതുമാണ്. ഈ പൈപ്പുകൾ കൂടാതെ 100 എം.എം. എ.സി പൈപ്പും ഇതേ റോഡിലൂടെ കടന്നുപോകുന്നുണ്ട്. ഈ പൈപ്പുകൾ കടന്നു പോകുന്ന പൈപ്പ് ലൈൻ റോഡ് സബ് ജയിൽ റോഡിലെ St. Mary's സ്കൂളിന്റെ മുൻപിൽ നിന്നും ഉദ്ദേശം 60 സെൻറീമീറ്ററോളം താഴ്ചയിലാണ്. മേൽ പറഞ്ഞ പൈപ്പുകൾ ഈ റോഡിൽ 80 സെൻറീമീറ്റർ മാത്രം റോഡ് ഉപരിതലത്തിൽ നിന്നും താഴ്ചയിലാണ് നിലനിൽക്കുന്നത്. ഇതിലൂടെ പ്രവേശനം ആവശ്യപ്പെടുന്ന ബസുകൾക്ക് 16.2 ടൺ ഭാരമാണ് ഉണ്ടാവുക. ഇത്തരം ബസുകൾ ഇടതടവില്ലാതെ പ്രവേശിക്കുമ്പോൾ കാലപ്പഴക്കമേറിയ ഈ പൈപ്പുകൾക്ക് മർദ്ദം താങ്ങാൻ കഴിയണമെന്നില്ല. |

| | | | |
|---|---|---|---|
| | | | കൂടാതെ നിർദ്ദിഷ്ട 190 MLD പ്ലാൻറിൽ നിന്നും ജലവിതരണത്തിനായി വലിയ വ്യാസമുള്ള പൈപ്പുകൾ കൂടി ഈ റോഡിൽ സ്ഥാപിക്കേണ്ടതായുണ്ട്.<br><br>ബഹു:ഹൈക്കോടതി നിർദ്ദേശ പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പൈപ്പ് ലൈൻ റോഡിലൂടെയുള്ള ഗതാഗത നിയന്ത്രണത്തിനായി ക്രോസ്സ്ബാറുകളും ബാരിയറുകളും സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. അതനുസരിച്ച് സബ് ജയിൽ റോഡിൽ നിന്നും പൈപ്പ് ലൈൻ റോഡിലേക്ക് പ്രവേശിക്കുന്ന ഭാഗത്തും റോഡിന്റെ ഇതര ഭാഗങ്ങളിലും ക്രോസ്സ്ബാറുകൾ സ്ഥാപിച്ച് ഭാരവാഹനങ്ങളുടെ പ്രവേശനം നിരോധിച്ചിട്ടുള്ളതുമാണ്. 23/01/2023 തീയതിയിലെ കേരള ജല അതോറിറ്റി മാനേജിങ് ഡയറക്ടറുടെ നടപടിക്രമം നമ്പർ 9325/DM1/(SU)/2017/ കെഡബ്ല്യൂഎ പ്രകാരം, ഭാര വാഹനങ്ങൾ പ്രവേശിക്കാതിരിക്കാൻ Height barrier സ്ഥാപിക്കണം, ഇരുചക്ര വാഹനം, ഓട്ടോ, ലഘു വാഹനം, ആംബുലൻസ് എന്നിവക്കുമാത്രമേ റോഡ് ഉപയോഗിക്കാൻ പാടുള്ളൂ, റോഡ് ടൈൽ വിരിക്കേണ്ടതിന്റെ വീതി 3 മീറ്റർ ആയി നിജപ്പെടുത്തണം തുടങ്ങിയ വ്യവസ്ഥകളോടെയാണ് നിരാക്ഷേപപത്രം അനുവദിച്ചിട്ടുള്ളത്<br><br>ഈ കാര്യങ്ങൾ പരിഗണിച്ചു കൊണ്ട് പൈപ്പ് ലൈൻ റോഡ് വഴി പൊതുഗതാഗതം അനുവദിക്കാൻ സാധിക്കുകയില്ല എന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.ച്ച് ഡിവിഷൻ, ആലുവയുടെ 27.01.2024 തീയതിയിലെ കത്തും അനുബന്ധ റിപ്പോർട്ടും അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷയിന്മേൽ ആവശ്യമായ തീർപ്പുണ്ടാക്കി മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ബി) | മറുപടി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

'ഭരണഭാഷ - മാതൃഭാഷ'
Email:aeephsdaluva@gmail.com
Tel: 0484-2623206

# കേരള ജല അതോറിറ്റി

## അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
## പി.എച്ച്. സബ്ഡിവിഷൻ, ആലുവ.

---

**നമ്പർ- KWA/PHSA/D2/Crisis/07-08 Vol-IV** **തീയതി: 27/01/2024**

പ്രേഷകൻ,

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

സ്വീകർത്താവ്,

എക്സിക്യൂട്ടീവ് എഞ്ചിനീയർ.
പി.എച്ച്. ഡിവിഷൻ,
കേരള ജല അതോറിറ്റി,
ആലുവ.

സർ,

വിഷയം: പൈപ്പ്ലൈൻ റോഡിലൂടെ കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനിലേക്ക് ബസുകളുടെ പ്രവേശനാനുമതി - സംബന്ധിച്ച്

സൂചന : ബഹു.ജലവിഭവ വകുപ്പ് മന്ത്രി ശ്രീ.റോഷി അഗസ്റ്റിൻ, ശ്രീ.അൻവർ സാദത്ത് എം.എൽ.എ-യ്ക്ക് 13/07/2023 തീയതിയിൽ അയച്ച 14704/VIP/M(WR)/2023 നമ്പർ കത്ത്.

കെ.എസ്.ആർ.ടി.സി ബസുകൾ സബ്ജയിൽ റോഡിൽ നിന്നും പൈപ്പ്ലൈൻ റോഡ് വഴി കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനിലേക്ക് പ്രവേശനാനുമതി നൽകുന്നതിനു വേണ്ടി മേൽ സൂചന പ്രകാരം കത്ത് ലഭിച്ചിരുന്നു.

ആലുവ ജലശുദ്ധീകരണ ശാലയിൽ നിന്നും കൊച്ചി കോർപ്പറേഷനിലേക്കും , പരിസര പ്രദേശങ്ങളിലേക്കും വെള്ളമെത്തിക്കുന്ന 900 എം.എം., 1050 എം.എം എന്നീ വ്യാസങ്ങളിലുള്ള വലിയ കാസ്റ്റ് അയൺ പൈപ്പുകളാണ് കടന്നുപോകുന്നത്. ഇവ 1965, 1975 എന്നീ വർഷങ്ങളിൽ സ്ഥാപിച്ചവയും, ഡിസൈൻ കാലയളവ് ഇതിനകം അവസാനിച്ചതുമാണ്. ഈ പൈപ്പുകൾ കൂടാതെ 100 എം.എം. എ.സി പൈപ്പും ഇതേ റോഡിലൂടെ കടന്നുപോകുന്നുണ്ട്. ഈ പൈപ്പുകൾ കടന്നുപോകുന്ന പൈപ്പ്ലൈൻ റോഡ് സബ്ജയിൽ റോഡിൽ നിന്നും ഉദ്ദേശം 60 സെന്റീമീറ്ററോളം താഴ്ചയിലാണ്. മേൽ പറഞ്ഞ പൈപ്പുകൾ ഈ റോഡിൽ 80 സെന്റീമീറ്റർ മാത്രം റോഡ് ഉപരിതലത്തിൽ നിന്നും താഴ്ചയിലാണ് നിലനിൽക്കുന്നത്. ഇതിലൂടെ പ്രവേശനം ആവശ്യപ്പെടുന്ന ബസുകൾക്ക് 16.2 ടൺ ഭാരമാണ് ഉണ്ടാവുക. ഇത്തരം ബസുകൾ ഇടതടവില്ലാതെ പ്രവേശിക്കുമ്പോൾ കാലപ്പഴക്കമേറിയ ഈ പൈപ്പുകൾക്ക് മർദ്ദം താങ്ങാൻ കഴിയണമെന്നില്ല. കൂടാതെ നിർദ്ദിഷ്ട 190MLD പ്ലാന്റിൽ നിന്നും ജലവിതരണത്തിനായി വലിയ വ്യാസമുള്ള പൈപ്പുകൾ കൂടി ഈ റോഡിൽ സ്ഥാപിക്കേണ്ടതായുണ്ട്.

Scanned with CamScanner

ബഹു:ഹൈക്കോടതി നിർദ്ദേശ പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പൈപ്പ്ലൈൻ റോഡിലൂടെയുള്ള ഗതാഗത നിയന്ത്രണത്തിനായി ക്രോസ്സ്ബാറുകളും ബാരിയറുകളും സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. അതനുസരിച്ച് സബ്ജയിൽ റോഡിൽ നിന്നും പൈപ്പ്ലൈൻ റോഡിലേക്ക് പ്രവേശിക്കുന്ന ഭാഗത്തും റോഡിന്റെ ഇതര ഭാഗങ്ങളിലും ക്രോസ്സ്ബാറുകൾ സ്ഥാപിച്ച് ഭാരവാഹനങ്ങളുടെ പ്രവേശനം നിരോധിച്ചിട്ടുള്ളതുമാണ്.

മേൽപ്പറഞ്ഞ കത്ത് പ്രകാരം പ്രവേശനാനുമതി നൽകുന്നതിനായി മേൽ പരാമർശിച്ച വിഷയങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Deepa

**അസിസ്റ്റന്റ് എക്സിക്യൂട്ടീവ്.എഞ്ചിനീയർ**

Scanned with CamScanner

'ഭരണഭാഷ – മാതൃഭാഷ'
ഇമെയിൽ :eephaluvakwa@gmail.com

ഫോൺ: 0484-2626948

# കേരള വാട്ടർ അതോറിറ്റി

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
പി.എച്ച്. ഡിവിഷൻ, ആലുവ 683 101.

Draft #1 of File A3-1136/LA Approved by TECHNICAL ASSISTANT on 27-Jan-2024 03:15 PM - Page 1

കെ.എസ്.ആർ.ടി.സി ബസുകൾ ആലുവ സെൻറ് മേരിസ് സ്കൂൾ സ്ഥിതി ചെയ്യുന്ന സബ് ജയിൽ റോഡിൽ നിന്നും പൈപ്പ് ലൈൻ റോഡ് വഴി കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനിലേക്ക് പ്രവേശനാനുമതി നൽകുന്നതിനു വേണ്ടി തീയതി 3/7/2023നു ആലുവ MLA Anwar Sadath അവർകളുടെ E7420455/2023/MIN(WRD) നമ്പർ പ്രകാരം കത്ത് ലഭിച്ചിരുന്നു. ആലുവ ജലശുദ്ധീകരണ ശാലയിൽ നിന്നും കൊച്ചി കോർപ്പറേഷനിലേക്കും, പരിസര പ്രദേശങ്ങളിലേക്കും വെള്ളമെത്തിക്കുന്ന 900 എം.എം, 1050 എം.എം എന്നീ വ്യാസങ്ങളിലുള്ള വലിയ കാസ്റ്റ് അയൺ പൈപ്പുകളാണ് കടന്നുപോകുന്നത്. ഇവ 1965, 1975 എന്നീ വർഷങ്ങളിൽ സ്ഥാപിച്ചവയും, ഡിസൈൻ കാലയളവ് ഇതിനകം അവസാനിച്ചതുമാണ്. ഈ പൈപ്പുകൾ കൂടാതെ 100 എം.എം. എ.സി പൈപ്പും ഇതേ റോഡിലൂടെ കടന്നുപോകുന്നുണ്ട്. ഈ പൈപ്പുകൾ കടന്നുപോകുന്ന പൈപ്പ് ലൈൻ റോഡ് സബ് ജയിൽ റോഡിലെ St. Mary's സ്കൂളിന്റെ മുൻപിൽ നിന്നും ഉദ്ദേശം 60 സെൻറീമീറ്ററോളം താഴ്ചയിലാണ്. മേൽ പറഞ്ഞ പൈപ്പുകൾ ഈ റോഡിൽ 80 സെൻറീമീറ്റർ മാത്രം റോഡ് ഉപരിതലത്തിൽ നിന്നും താഴ്ചയിലാണ് നിലനിൽക്കുന്നത്. ഇതിലൂടെ പ്രവേശനം ആവശ്യപ്പെടുന്ന ബസുകൾക്ക് 16.2 ടൺ ഭാരമാണ് ഉണ്ടാവുക. ഇത്തരം ബസുകൾ ഇടതടവില്ലാതെ പ്രവേശിക്കുമ്പോൾ കാലപ്പഴക്കമേറിയ ഈ പൈപ്പുകൾക്ക് മർദ്ദം താങ്ങാൻ കഴിയണമെന്നില്ല. കൂടാതെ നിർദ്ദിഷ്ട 190MLD പ്ലാൻറിൽ നിന്നും ജലവിതരണത്തിനായി വലിയ വ്യാസമുള്ള പൈപ്പുകൾ കൂടി ഈ റോഡിൽ സ്ഥാപിക്കേണ്ടതായുണ്ട്.

ബഹു:ഹൈക്കോടതി നിർദ്ദേശ പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പൈപ്പ്ലൈൻ റോഡിലൂടെയുള്ള ഗതാഗത നിയന്ത്രണത്തിനായി ക്രോസ്സ്ബാറുകളും ബാരിയറുകളും സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. അതനുസരിച്ച് സബ് ജയിൽ റോഡിൽ നിന്നും പൈപ്പ് ലൈൻ റോഡിലേക്ക് പ്രവേശിക്കുന്ന ഭാഗത്തും റോഡിൻറെ ഇതര ഭാഗങ്ങളിലും ക്രോസ്സ്ബാറുകൾ സ്ഥാപിച്ച് ഭാരവാഹനങ്ങളുടെ പ്രവേശനം നിരോധിച്ചിട്ടുള്ളതുമാണ്.

23/01/2023 തീയ്യതിയിലെ കേരള ജല അതോറിറ്റി മാനേജിങ് ഡയറക്ടറുടെ നടപടിക്രമം നമ്പർ 9325/DM1/(SU)/2017/കെഡബ്ല്യൂഎ പ്രകാരം, ഭാര വാഹനങ്ങൾ പ്രവേശിക്കാതിരിക്കാൻ Height barrier സ്ഥാപിക്കണം, ഇരുചക്ര വാഹനം, ഓട്ടോ, ലഘു വാഹനം, ആംബുലൻസ് എന്നിവക്കുമാത്രമേ റോഡ് ഉപയോഗിക്കാൻ പാടുള്ളൂ, റോഡ് ടൈൽ വിരിക്കേണ്ടതിന്റെ വീതി 3 മീറ്റർ ആയി നിജപ്പെടുത്തണം തുടങ്ങിയ വ്യവസ്ഥകളോടെയാണ് നിരാക്ഷേപപത്രം അനുവദിച്ചത്.

മേൽപ്പറഞ്ഞ കത്ത് പ്രകാരം പ്രവേശനാനുമതി നല്കുന്നതിനായി മേൽ പരാമർശിച്ച വിഷയങ്ങൾ ഗൗരവമായി പരിഗണിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ പൊതുഗതാഗതം പൈപ്പ് ലൈൻ റോഡുവഴി അനുവദിക്കാതിരിക്കുന്നതാണ് ഉചിതമെന്ന് അറിയിക്കുന്നു